പതിമൂന്നാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2014-2016)

## തൊണ്ണൂറ്റി എട്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(കേരള ടൂറിസം വികസന കോർപ്പറേഷൻ ലിമിറ്റഡിനെക്കുറിച്ചുള്ള സ്വതന്ത്രപഠനം സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2014-2016)

## തൊണ്ണൂറ്റി എട്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(കേരള ടൂറിസം വികസന കോർപ്പറേഷൻ ലിമിറ്റഡിനെക്കുറിച്ചുള്ള സ്വതന്ത്രപഠനം സംബന്ധിച്ച്)**

101/2016.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന (2014-2016)

അദ്ധ്യക്ഷൻ :

ശ്രീ. കെ. എൻ. എ. ഖാദർ

അംഗങ്ങൾ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

,, എ. എ. അസീസ്

,, പി. കെ. ഗുരുദാസൻ

ഡോ. എൻ. ജയരാജ്

ശ്രീ. എളമരം കരീം

,, ടി. എൻ. പ്രതാപൻ

,, പാലോട് രവി

,, എസ്. ശർമ്മ

,, പി. തിലോത്തമൻ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

,, എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2014-2016) അദ്ധ്യക്ഷനായ ഞാൻ, സമിതി (2006-2008)-യുടെ കേരള ടൂറിസം വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച 76-ാമത് സ്വതന്ത്ര പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി പത്രികയെ ആസ്പദമാക്കി തയ്യാറാക്കിയ തൊണ്ണൂറ്റി എട്ടാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി പത്രിക 24-6-2015-ന് ചേർന്ന സമിതി യോഗം പരിഗണിച്ചു.

സമിതി (2014-2016)-യുടെ തൊണ്ണൂറ്റി എട്ടാമത് റിപ്പോർട്ട് 28-10-2015-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കെ. എൻ. എ. ഖാദർ,

*അദ്ധ്യക്ഷൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 3.

# റിപ്പോർട്ട്

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2008–2011)-യുടെ കേരള ടൂറിസം വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച എഴുപത്തിയാറാമത് സ്വതന്ത്ര പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സമിതി (2008–2011)-യുടെ എഴുപത്തിയാറാമത് റിപ്പോർട്ട് 2009 ജൂൺ 30-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ 58 ശിപാർശകൾ ഉൾപ്പെട്ടിരുന്നു.

പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽനിന്ന് ലഭിച്ച നടപടി പത്രിക 24-6-2015-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | ശിപാർശകൾ/നിർദ്ദേശങ്ങൾ | സർക്കാർ സ്വീകരിച്ച നടപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 11 | ടൂറിസം | കെ.ടി.ഡി.സി.യുടെ അംഗീകൃത ഓഹരി മൂലധനം ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കെ.ടി.ഡി.സി.യുടെ അംഗീകൃത ഓഹരി മൂലധനം ഇതിനോടകം 50 കോടി രൂപയിൽ നിന്നും 85 കോടി രൂപയായി ഉയർത്തി കഴിഞ്ഞിട്ടുണ്ട്. |
| 2 | 15 | ,, | പുതിയ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ കോർപ്പറേഷന് നഷ്ടം കൂടാതെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പുതിയ യൂണിറ്റുകളിലേക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാൻ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ഇത് സർക്കാരിന്റെ പരിഗണനയിലുമാണ്. |
| 3 | 18 | ,, | ടൂറിസം റിസോർട്സ് കേരള ലിമിറ്റഡിനെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ, അവരുടെ ലാഭനഷ്ടകണക്കുകൾ, ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ ഇവ സംബന്ധിച്ച് പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 23-2-2010-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 37/2010/ടൂറിസം മുഖേന ടൂറിസ്റ്റ് റിസോർട്സ് കേരളാ ലിമിറ്റഡിനെ കെ.ടി.ഡി.സി.യിൽ നിന്നും വേർപെടുത്തി പ്രവർത്തന മേഖല വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| 4 | 19 | ,, | ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് കെ. ടി. ഡി.സി.ക്ക് നൽകുന്ന ലാഭവിഹിതത്തിന്റെ തോത് 2%-ൽ നിന്നും 5% ആയി ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് 2007-08 സാമ്പത്തികവർഷം വരെ കെ. ടി. ഡി. സി.ക്ക് ലാഭവിഹിതം നൽകിയിട്ടുണ്ട്. 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിൽ ലാഭം കുറവായതിനാൽ ലാഭവിഹിതം പ്രഖ്യാപിച്ചിരുന്നില്ല. 2010-11 സാമ്പത്തിക വർഷം ലാഭവിഹിതം പ്രഖ്യാപിക്കാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയെ കെ.ടി.ഡി.സി.യുടെ സബ്സിഡിയറി സ്ഥാനത്ത് നിന്നും മാറ്റാൻ നയപരമായ തീരുമാനം ഇതിനോടകം കൈക്കൊണ്ടതിനാൽ ഇനി വരുന്ന വർഷങ്ങളിൽ ലാഭവിഹിതം ഉണ്ടെങ്കിൽ അത് സംസ്ഥാന സർക്കാരിനായിരിക്കും ലഭിക്കുക. |
| 5 | 23 | ,, | കെ.ടി.ഡി.സി. ഇനിയും തിരിച്ചടക്കാനുള്ള സർക്കാർ വായ്പ കൂടി ഓഹരി മൂലധനമായി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഈ ശിപാർശ നടപ്പാക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. ധനകാര്യ വകുപ്പ് ഈ കാര്യത്തിൽ അംഗീകാരം നൽകി കഴിഞ്ഞിട്ടുണ്ട്. എത്രയും വേഗം ഈ കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 25 | ടൂറിസം | കെ.ടി.ഡി.സി.-ക്ക് വാർഷിക ബഡ്ജറ്റ് വിഹിതത്തിൽ സർക്കാർ തലത്തിൽ മതിയായ വർദ്ധന വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 2007-08 സാമ്പത്തിക വർഷത്തിൽ 3.10 കോടി രൂപയും 2008-09-ൽ 9 കോടി രൂപയും 2009-10 വർഷത്തിൽ 1 കോടി രൂപയും 2010-11 വർഷം 6 കോടി രൂപയും 2011-12 വർഷം 5 കോടി രൂപയും വാർഷിക ബഡ്ജറ്റിൽ കെ.ടി.ഡി.സി.ക്ക് സർക്കാർ നൽകിയിട്ടുണ്ട്. |
| 7 | 32 | ,, | കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി കൂടുതൽ ചിട്ടയോടെയും കാര്യക്ഷമതയോടെയും നടത്തി ലാഭം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കെ.ടി.ഡി.സി.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.ടി.ഡി.സി. കഴിഞ്ഞ 5 വർഷമായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| 8 | 33 | ,, | ഓഡിറ്റ് കുടിശ്ശിക പൂർണ്ണമായും തീർക്കുന്നതിന് പരിചയസമ്പന്നനായ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ നിയമിക്കണമെന്നും ഓഡിറ്റ് അടിയന്തരമായി പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഓഡിറ്റ് കുടിശ്ശിക കെ.ടി.ഡി.സി. പൂർണ്ണമായും തീർത്തു കഴിഞ്ഞു. 2010-11 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് ഇതിനോടകം പൂർത്തിയായി. 34 വർഷങ്ങൾക്കുശേഷം 2008-09 വർഷം മുതൽ വാർഷികയോഗം നിശ്ചിത സമയപരിധിക്കുള്ളിൽ ചേരുകയും വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുവാനും കെ.ടി.ഡി.സി.ക്ക് സാധിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 34 | ,, | മുൻവർഷത്തെ കണക്ക് തൊട്ടടുത്ത വർഷം തന്നെ ഓഡിറ്റ് ചെയ്യുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഈ കാര്യത്തിൽ സർക്കാർ കെ.ടി.ഡി.സി.ക്ക് കർശന നിർദ്ദേശം നൽകുകയും ഓഡിറ്റ് കുടിശ്ശിക പൂർണ്ണമായും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തെ വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. |
| 10 | 35 | ,, | അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തി കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | അക്കൗണ്ടന്റ്മാരുടെ നിലവിലുള്ള ഒഴിവുകൾ നികത്താൻ വരുന്ന കാലതാമസമാണ് അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നത്. നിലവിലുള്ള 18 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു അക്കൗണ്ട്സ് ഓഫീസറെ കൂടി അടുത്തിടെ നിയമിച്ച് ഈ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. |
| 11 | 41 | ,, | നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബിയർ പാർലറുകൾ നിർത്തലാക്കണമെന്നും യാത്രി നിവാസുകളോടും കോട്ടേജുകളോടും റസ്റ്റോറന്റിനോടും അനുബന്ധിച്ച് ബിയർ പാർലറുകൾ സ്ഥാപിക്കുന്നത് വിനോദ സഞ്ചാരികളുടെ സ്വൈര്യത നഷ്ടപ്പെടുത്തുമെന്നതിനാൽ ബിയർ പാർലറുകൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബിയർ പാർലറുകൾ നിർത്തലാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 16 ബിയർ പാർലറുകൾ ഇപ്രകാരം നിർത്തലാക്കിയിട്ടുണ്ട്. യാത്രാ നിവാസുകളിൽ പ്രവർത്തിച്ചിരുന്ന ബിയർ പാർലറുകൾ മിക്കവാറും മാറ്റി സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. സമിതിയുടെ ശിപാർശ പൂർണ്ണമായും നടപ്പിലാക്കി വരികയാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 12 | 47 | ടൂറിസം | 11-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ (2007-2012) നടപ്പിലാക്കാൻ വിഭാവന ചെയ്തിരിക്കുന്ന വികസന പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് സർക്കാർ ഓഹരി മൂലധനമായി കെ.ടി.ഡി.സി.-ക്ക് സാമ്പത്തിക സഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ചെന്നൈ ഹോട്ടൽ പദ്ധതിക്കായി 10 കോടി രൂപയും മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട് തുടങ്ങാനായി 2 കോടി രൂപയും ഓഹരി മൂലധനമായി സംസ്ഥാന സർക്കാർ ഇതിനോടകം നൽകി കഴിഞ്ഞിട്ടുണ്ട്. |
| 13 | 53 | ,, | കോഴിക്കോട് ഹോട്ടൽ മലബാർ മാൻഷൻ അന്യാധീനപ്പെട്ട് പോകാതിരിക്കാൻ എത്രയും വേഗം പാട്ടക്കരാർ പുതുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഹോട്ടൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുതകുന്ന രീതിയിൽ നടപടികൾ സ്വീകരിക്കണമെന്നും വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക രീതിയിൽ ഈ ഹോട്ടൽ പുതുക്കി ത്രീ സ്റ്റാർ പദവിയിലേക്ക് ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കോഴിക്കോട് കോർപ്പറേഷന് പുതുക്കിയ പാട്ടനിരക്ക് നൽകിയാണ് മലബാർ മാൻഷൻ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. നഗരത്തിന്റെ തിരക്കേറിയ മാർക്കറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടമായതിനാലും താഴത്തെ നിലയിലുള്ള മുറികൾ ചെറുകിട കച്ചവടക്കാർക്ക് വാടകയ്ക്ക് നൽകിയിരിക്കുന്നതിനാലും ഈ കെട്ടിടം പുതുക്കി പണിയാൻ കോർപ്പറേഷന് ബുദ്ധിമുട്ട് ഉണ്ട്. ആയതിനാൽ ടൂറിസം വകുപ്പിന്റെ തന്നെ കീഴിലുള്ള മറ്റൊരു സ്ഥലത്ത് അത്യാധുനിക സൗകര്യങ്ങളോടെ ഒരു പുതിയ ഹോട്ടൽ കെ.ടി.ഡി.സി.യുടെ കീഴിൽ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| 14 | 62 | ,, | ഹോട്ടൽ സമുദ്രയുടെ നവീകരണ പ്രവർത്തനം നടത്തുന്നതിനും കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഹോട്ടൽ സമുദ്രയുടെ നവീകരണ പ്രവർത്തനം 2 കോടി രൂപ മുടക്കി ഇതിനോടകം നടത്തി കഴിഞ്ഞു. 5 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന കൺവെൻഷൻ സെന്റർ പദ്ധതിയുടെ നിർമ്മാണവും ഇതിനോടകം പൂർത്തീയായി കഴിഞ്ഞിട്ടുണ്ട്. |
| 15 | 72 | ,, | അഗസ്ത്യാ ഹൗസിനടുത്ത് ടൂറിസം വകുപ്പിന്റെ സ്ഥലത്ത് ഒരു ഹോട്ടൽ പണിത് താഴത്തെ നിലയിൽ ബിയർ പാർലറും മുകളിലത്തെ നിലയിൽ ഫാമിലി റൂമുകളും പ്രവർത്തിപ്പിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | അഗസ്ത്യാ ഹൗസ് നവീകരിക്കൽ പദ്ധതി പൂർത്തിയായി കഴിഞ്ഞു. ബിയർ പാർലർ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| 16 | 73 | ,, | കേരളത്തിൽ ഇക്കോ ലോഡ്ജിംഗ് എന്ന ആശയം അനുയോജ്യമായ സ്ഥലങ്ങളിലെല്ലാം നടപ്പിൽ വരുത്തണമെന്നും നെയ്യാറിലെ അഗസ്ത്യാ ഹൗസ് ഇക്കോ ലോഡ്ജിംഗിന്റെ കേന്ദ്രമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | നെയ്യാറിലെ അഗസ്ത്യാ ഹൗസിന്റെ നവീകരണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായി കഴിഞ്ഞു. ഇക്കോ ലോഡ്ജിംഗ് എന്ന ആശയം ഇവിടെ നടപ്പാക്കാൻ ഉദ്ദേശിച്ച് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാർ സഹായത്തിനായി ടൂറിസം ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 17 | 74 | ടൂറിസം | നെയ്യാറിലെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | നെയ്യാറിലെ കെ.ടി.ഡി.സി. അഗസ്ത്യാ ഹൗസ് നവീകരിച്ച് താമസസൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇവിടെ സെക്യൂരിറ്റി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| 18 | 90 | ,, | തേക്കടിയിലെ ആരണ്യ നിവാസ്, ലേക്ക് പാലസ്, പെരിയാർ ഹൗസ് എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പാട്ടക്കരാർ കാലാവധി 1996-ൽ അവസാനിച്ചതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥലത്തിന്റെ പാട്ടക്കരാർ അടിയന്തരമായി പുതുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വനം വകുപ്പുമായി ബന്ധപ്പെട്ട് പാട്ടക്കരാർ പുതുക്കാൻ വേണ്ട നടപടികൾ ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. |
| 19 | 91 | ,, | തേക്കടിയിലെ പഴക്കം ചെന്നതും അപകടാവസ്ഥയിൽ ആയതുമായ ബോട്ടുകളെ സർവ്വീസിൽ നിന്നും ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | പഴക്കം ചെന്ന ബോട്ടുകളെ സർവ്വീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| 20 | 92 | ,, | തേക്കടിയിലെ പ്രധാന ആകർഷണം ബോട്ടിംഗ് ആയതിനാൽ വന്യജീവികളുടെ സ്വൈര്യജീവിതത്തിന് കോട്ടംതട്ടാത്ത രീതിയിൽ ബോട്ടിംഗിനായി എത്തുന്ന എല്ലാ ടൂറിസ്റ്റുകൾക്കും ബോട്ടിംഗിനുള്ള സൗകര്യം | തേക്കടിയിൽ 2009 സെപ്റ്റംബർ മാസം ഉണ്ടായ ദാരുണമായ ബോട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ബോട്ടിംഗ് സംബന്ധിച്ച കർശന സുരക്ഷാ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ |

| | | | | |
|---|---|---|---|---|
| | | | ലഭിക്കുന്നതിനായി ബോട്ടുകളുടെ സീറ്റിംഗ് കപ്പാസിറ്റി കൂട്ടുന്നതിനും നിലവിലുള്ള ബോട്ട് സർവ്വീസ് മുടക്കം കൂടാതെ കാര്യക്ഷമമായും നിബന്ധനകൾക്ക് വിധേയമായും നടത്തുന്നതിനും പീക്ക് സീസണിൽ ബോട്ടിംഗിന്റെ സമയ ദൈർഘ്യം ഒരു മണിക്കൂറായി കുറവ് ചെയ്ത് സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് കെ.ടി.ഡി.സി. ഇപ്പോൾ തേക്കടിയിൽ ബോട്ടിംഗ് നടത്തി വരുന്നത്. |
| 21 | 93 | ,, | പൊതുമേഖലാ സംരംഭമായ കെ.ടി.ഡി.സി.ക്ക് മുൻഗണന നൽകിക്കൊണ്ട് ബോട്ടിംഗ് റിസർവേഷൻ ക്രമീകരിക്കണമെന്നും സ്വകാര്യ ഹോട്ടലുകൾക്ക് ബോട്ടുകൾ റിസർവ്വ് ചെയ്യാൻ അനുവാദം നൽകുന്ന രീതി അടിയന്തരമായി നിർത്തലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | സമിതിയുടെ ശിപാർശയനുസരിച്ച് വേണ്ട നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |
| 22 | 94 | ,, | ഹോട്ടലുകളുടെ പ്രവർത്തനം, സ്റ്റാഫ് പാറ്റേൺ ആന്റ് പ്രമോഷൻ പോളിസി ഇവ സംബന്ധിച്ച് പഠനം നടത്താൻ കൺസൾട്ടന്റിനെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കെ.ടി.ഡി.സി.യിലെ സ്റ്റാഫ് പാറ്റേൺ ആന്റ് പ്രമോഷൻ പോളിസി അംഗീകരിച്ച് സർക്കാർ ജി.ഒ.(എംഎസ്.) നമ്പർ 222/2010/ടൂറിസം മുഖേന ഉത്തരവ് പുറപ്പെടുവിക്കുകയും ഇത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പഠനത്തിനും ചർച്ചകൾക്കുംശേഷം തയ്യാറാക്കിയ പോളിസിയാണ് നടപ്പിലാക്കിയിട്ടുള്ളത്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 23 | 95 | ടൂറിസം | ഏജന്റുമാരെ ഒഴിവാക്കി ടൂർ ഓപ്പറേഷൻ കൂടി കെ.ടി.ഡി.സി. നേരിട്ട് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ടൂർ ഓപ്പറേഷനിൽ നിന്നും ഏജന്റുമാരെ പൂർണ്ണമായി ഒഴിവാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ Online reservation നടപ്പാക്കി ഏജന്റുമാരെ ആശ്രയിക്കുന്നത് ഇപ്പോൾ കുറച്ചു കൊണ്ടു വന്നുകൊണ്ടിരിക്കുകയാണ്. |
| 24 | 96 | ,, | ഹോട്ടലുകളിലെ ട്രെയിനികൾക്ക് നൽകി വരുന്ന സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 1-4-2008, 1-10-2013 എന്നീ തീയതികളിൽ സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 25 | 97 | ,, | പെരിയാർ ടൈഗർ റിസർവ്വിനുള്ളിൽ ഒരേ ദിവസം തന്നെ പ്രവേശന ഫീസിനത്തിൽ വിദേശികളിൽ നിന്നും അധിക തുക ഈടാക്കുന്നത് കെ.ടി.ഡി.സി. ഹോട്ടലുകളുടെ വിശ്വാസ്യതയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ കെ.ടി.ഡി.സി. വനം വകുപ്പുമായി ആലോചിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഈ കാര്യം വനം വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. |
| 26 | 113 | ,, | വാട്ടർ സ്കേപ്പിലുള്ള കെ.ടി.ഡി.സി.യുടെ കോട്ടേജുകളുടെ മേൽക്കൂര പുല്ല് മേയാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വാട്ടർ സ്കേപ്പിലെ കോട്ടേജുകളുടെ മേൽക്കൂര കൂടുതൽ ഭംഗിയും ഈടുനിൽക്കുന്നതും അവിടത്തെ പ്രകൃതി രമണീയത നഷ്ടപ്പെടുത്താതെയും ഗാൽവനൈസ്ട് പ്രൊഫയിൽ ഷീറ്റുകളാൽ മാറ്റുന്ന പണി പൂർണ്ണമായി കഴിഞ്ഞിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 27 | 115 | ,, | കെ.ടി.ഡി.സി. ഇന്ത്യൻ അസോസിയേഷൻ ഓഫ് ടൂർ ഓപ്പറേറ്റേഴ്സുമായി ഒരു ബന്ധം സ്ഥാപിച്ചെടുക്കണമെന്നും മറ്റ് സംസ്ഥാനങ്ങളിലെ ടൂറിസം വകുപ്പുമായി നിരന്തര സമ്പർക്കം പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കുമരകത്ത് എത്തിച്ചേരുന്ന മുഴുവൻ വിനോദസഞ്ചാരികളെയും വാട്ടർ സ്കേപ്പിലേക്ക് ആകർഷിക്കാൻ തക്കവണ്ണം ഹോട്ടലിന്റെ പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ശിപാർശ നടപ്പിലാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വാട്ടർ സ്കേപ്പിൽ ഇതിന് അനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. |
| 28 | 116 | ,, | കുമരകം വിനോദ സഞ്ചാര കേന്ദ്രത്തെ കേന്ദ്രബിന്ദുവായി ഉയർത്തിക്കാട്ടാൻ ഒരു സ്ഥലം അടിയന്തരമായി കണ്ടെത്തണമെന്നും ആ സ്ഥലത്ത് വികസന പ്രവർത്തനം നടത്തുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കണമെന്നും കൂടാതെ കനാലിൽ ബോട്ടിംഗ് നടത്തുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കുമരകത്തെ കെ.ടി.ഡി.സി.യുടെ കീഴിലുള്ള പക്ഷിസങ്കേതകേന്ദ്രം വികസിപ്പിക്കാനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. കനാലിൽ ബോട്ടിംഗിന് ആവശ്യമായ സൗകര്യവും ഏർപ്പെടുത്തുന്നുണ്ട്. ഈ പദ്ധതി ഇപ്പോൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 29 | 118 | ടൂറിസം | കുമരകത്ത് കെ.ടി.ഡി.സി.യുടെ ഹോട്ടലിനു മാത്രം ലാഭം കുറയുവാനുണ്ടായ കാരണം വിശദമായി പരിശോധിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ലാഭം വർദ്ധിപ്പിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കുമരകത്തെ കെ.ടി.ഡി.സി.യുടെ ഹോട്ടലിന്റെ ലാഭം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കഴിഞ്ഞ വർഷം മുതൽ ഹോട്ടലിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. |
| 30 | 119 | ,, | വാട്ടർ സ്കേപ്പ്സ് ഹോട്ടലിന് ചുറ്റുമുള്ള കനാലുകളിലെ വെള്ളം നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഒഴുക്കിവിടാൻ നടപടി സ്വീകരിക്കണമെന്നും ഹോട്ടലിന്റെ മുൻഭാഗത്തുള്ള കായലിലെ പായൽ നീക്കം ചെയ്യുന്നതിന് അടിയന്തര സംവിധാനം ഏർപ്പെടുത്തണമെന്നും കായൽ വൃത്തിയായും മാലിന്യ മുക്തമായും സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വാട്ടർ സ്കേപ്പ്സ് ഹോട്ടലിന് ചുറ്റുമുള്ള കനാലുകളിലെ വെള്ളം ഒഴുക്കിവിടുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗിച്ച് കായലിലെ പായൽ പൂർണ്ണമായും നീക്കം ചെയ്യുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇതിനായുള്ള നവീന മാർഗ്ഗങ്ങൾ ആലോചിച്ചുവരുന്നു. |
| 31 | 120 | ,, | കുമരകത്തെ മോട്ടൽ മോടി പിടിപ്പിച്ച് ലാഭകരമായി പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കുമരകത്തെ മോട്ടൽ ടൂറിസം വകുപ്പിന്റെ ആവശ്യത്തിനായി കൈമാറുകയും അവിടെ ഇപ്പോൾ ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസ് പ്രവർത്തിച്ചുവരികയുമാണ്. |

| | | | | |
|---|---|---|---|---|
| 32 | 133 | ,, | വേളി ടൂറിസം വില്ലേജിനും കെ.ടി.ഡി.സി. യൂണിറ്റുകൾക്കും പ്രത്യേകം വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വേളി ടൂറിസം വില്ലേജിനും കെ.ടി.ഡി.സി. യൂണിറ്റുകൾക്കും പ്രത്യേകം വൈദ്യുതി മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട് |
| 33 | 134 | ,, | വേളി വാട്ടർ സ്പോട്ടിൽ വരുമാനം കൂടിയിട്ടും ലാഭം കുറയുവാനുണ്ടായ വസ്തുതകളെ കുറിച്ച് മനസ്സിലാക്കുവാനും അവ പരിഹരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. | ബോട്ടിംഗുമായി ബന്ധപ്പെട്ട ശമ്പളം, റിപ്പയർ മെയിന്റനൻസ് എന്നിവയ്ക്കു വേണ്ടിവന്ന അധിക ചെലവ് കാരണമാണ് ലാഭത്തിൽ കുറവുവന്നത്. വരുമാനം കൂട്ടി ലാഭമുണ്ടാക്കുന്നതിനുവേണ്ടി പുതിയ പെഡൽ ബോട്ടുകൾ വാങ്ങിക്കുവാനും പഴയ ബോട്ടുകൾ റിപ്പയർ ചെയ്തു എഞ്ചിൻ മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാനുമുള്ള നടപടി എടുത്തു കഴിഞ്ഞു. പെഡൽ ബോട്ടിന്റെ ടെൻഡർ വിളിച്ചപ്പോൾ ആവശ്യമായ എല്ലാ സുരക്ഷാ സർട്ടിഫിക്കേഷനും ഇല്ലാത്ത ബ്രാന്റ് ആയതുകൊണ്ട് വീണ്ടും ടെൻഡർ വിളിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. |
| 34 | 135 | ,, | വേളിയിൽ കേടായ ബോട്ടുകൾ അടിയന്തരമായി ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | യോഗ്യതയില്ലാത്ത ബോട്ടിന് ലൈസൻസ് ലഭിക്കാത്തപക്ഷം അത് വിൽക്കാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 35 | 137 | ടൂറിസം | ഭക്ഷണത്തിലും സേവനത്തിലും കാലോചിതമായ മാറ്റം വരുത്തി അമിതവില ഈടാക്കാതെ റസ്റ്റോറന്റ് നടത്തിയാൽ കൂടുതൽ ലാഭകരമാക്കാൻ കഴിയുന്നതാണെന്നും ആയതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കെടിഡിസി ഒരു ഹോസ്പിറ്റാലിറ്റി സെക്ടറിന്റെ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനാൽ ഇപ്പോൾ ഈടാക്കിവരുന്ന ഭക്ഷണത്തിന്റെ വില ന്യായമാണ്. തുടർന്നും കാലോചിതമായി വില നിശ്ചയിക്കുന്നതാണ്. |
| 36 | 138 | ,, | ബോട്ട് സർവ്വീസ്, ഓർഡിനറി റസ്റ്റോറന്റ്, ഫ്ളോട്ടിംഗ് റസ്റ്റോറന്റ് ഇവയുടെ വിശദമായ കണക്ക് ലഭ്യമാക്കണമെന്നും അതിൽ കറന്റ് ചാർജ്ജ്, ശമ്പളം, മെയിന്റനൻസ് എന്നിവ തരം തിരിച്ച് വിശദമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | *അനുബന്ധമായി ചേർത്തിരിക്കുന്നു. |
| 37 | 139 | ,, | വേളി കായലിലെ എണ്ണ മലിനീകരണം തടയാൻ ഇൻബോർഡ് എഞ്ചിനോ ഫോർ സ്ട്രോക്ക് ഔട്ട്ബോർഡ് എഞ്ചിനോ ഉപയോഗിക്കാൻ നിഷ്കർഷിക്കണമെന്നും ആമയിഴഞ്ചാൻ തോടുവഴിയുള്ള ജലമലിനീകരണം തടയാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വേളി കായലിലെ എണ്ണ മലിനീകരണം തടയാൻ കെ.ടി.ഡി.സി. പുതുതായി വാങ്ങുന്ന എഞ്ചിനുകളെല്ലാം ഫോർ സ്ട്രോക്ക് പെട്രോൾ എഞ്ചിൻ ആണ്. ഫോർ സ്ട്രോക്ക് ഉപയോഗിക്കാൻ പറ്റാത്തിടത്ത് മാത്രമാണ് ടു സ്ട്രോക്ക് ഉപയോഗിക്കുന്നത്. മണ്ണെണ്ണ എഞ്ചിനുകളുടെ ഉപയോഗം പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ട്. നിർദ്ദേശം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 38 | 140 | ,, | വേളി ടൂറിസം വില്ലേജിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമെ കുട്ടികളുടെ പാർക്ക് ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | വേളി ടൂറിസം വില്ലേജിലെ കുട്ടികളുടെ പാർക്ക് വിപുലീകരണത്തിനായി 1-3-2012-ലെ സ.ഉ.(സാധ.) നമ്പർ 1683/12/ടൂറിസം പ്രകാരം 17,06,950 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 39 | 153 | ,, | ടീ കൗണ്ടി ഹോട്ടലിന് പുതുതായി ആവശ്യമായ മുറികൾ പണിയുവാനും ഹോട്ടലിനോട് അനുബന്ധിച്ച് ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കുവാനും അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ആദ്യഘട്ടമായി ടീ കൗണ്ടിയിൽ 24 മുറികൾ കൂടി പുതുതായി പണിതുകഴിഞ്ഞിട്ടുണ്ട്. കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. |
| 40 | 155 | ,, | മൂന്നാറിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു സൂപ്പർ മാർക്കറ്റ് തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മൂന്നാറിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രം ഇതിനോടകം ആരംഭിച്ചു. ടീ കൗണ്ടിയിലേക്ക് ആവശ്യമായ സാധനങ്ങൾ ഇപ്പോൾ ഇവിടെ നിന്നുമാണ് വാങ്ങുന്നത്. |
| 41 | 169 | ,, | രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മെറീന പദ്ധതിയോടനുബന്ധിച്ചുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി കഴിഞ്ഞു. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനവും ഏപ്രിൽ 2010 മുതൽ ആരംഭിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 42 | 170 | ടൂറിസം | ഹോട്ടൽ ബോൾഗാട്ടി പാലസ് വികസനത്തിന്റെ ഭാഗമായി ഹോട്ടലിന്റെ പ്രവർത്തനത്തെയും പരിസ്ഥിതിയെയും ബാധിക്കാത്ത വിധം ബോൾഗാട്ടി ഐലന്റ് റിസോർട്ട് തുടങ്ങാൻ ഉദ്ദേശിക്കുന്നത് സ്വാഗതാർഹമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വിപണന തന്ത്രത്തിന്റെ ഭാഗമായി പാലസ് റൂമുകളെ പ്രത്യേക ബ്ലോക്കുകളാക്കി ഉയർന്ന നിരക്കിൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെ വിപണനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഈ ശിപാർശ ഇതിനോടകം നടപ്പിലാക്കി കഴിഞ്ഞു. |
| 43 | 171 | ,, | കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കുന്ന മെറീന പദ്ധതിയുടെ പണി അടിയന്തരമായി പൂർത്തിയാക്കണമെന്നും കൂടാതെ മെറീനാ ഹൗസുമായി ബന്ധപ്പെട്ട് ഒരു കൺവെൻഷൻ സെന്റർ, മെറീനാ മ്യൂസിയം എന്നിവ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പാലസിലേക്കുള്ള പുതിയ പാതയുടെ വശങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മരങ്ങൾ വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മെറീനാ പദ്ധതി 2010 ഏപ്രിൽ മാസത്തോടെ പൂർത്തിയായിക്കഴിഞ്ഞു. പ്രവർത്തനം ആരംഭിച്ചു. മെറീനാ ഹൗസിന്റെ നിർമ്മാണവും ഇതോടൊപ്പം പൂർത്തിയായിട്ടുണ്ട്. കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. മെറീനാ മ്യൂസിയം രണ്ടാം ഘട്ടത്തിൽ നിർമ്മിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മരങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 44 | 172 | ,, | മാസ്കറ്റ് ഹോട്ടലിന്റെ ഹെറിറ്റേജ് ബ്ലോക്കിന്റെ പണി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഹെറിറ്റേജ് ബ്ലോക്കിന്റെ പണി പൂർത്തിയായി പ്രവർത്തനം ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. |
| 45 | 173 | ,, | മാസ്കറ്റ് ഹോട്ടലിന്റെ റൂം ഒക്കുപ്പൻസി നിരക്ക് വർദ്ധിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ആവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |
| 46 | 174 | ,, | സംസ്ഥാനത്തിന്റെ ഖജനാവിന് മുതൽക്കൂട്ടായി വാണിജ്യാടിസ്ഥാനത്തിൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രധാന സ്ഥാപനമെന്ന നിലയിൽ കെ.ടി.ഡി.സി.-ക്ക് ലൈസൻസ് ഫീസ് ഇളവ് ചെയ്തുകൊടുക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| 47 | 175 | ,, | ഹോട്ടലുകൾ ഈടാക്കുന്ന നിരക്ക് കുറച്ചും സേവനം മെച്ചപ്പെടുത്തിയും കൂടുതൽ പേരെ ഹോട്ടലിലേക്ക് ആകർഷിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ഹോട്ടലുകളുടെ മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 48 | 177 | ടൂറിസം | കേരളത്തിൽ നിലവിലുള്ള യാത്രി നിവാസുകൾ എല്ലാം മെച്ചപ്പെട്ട സൗകര്യങ്ങളോടെ ടാമറിന്റ് ഈസി ഹോട്ടൽ മാതൃകയിൽ ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കെ.ടി.ഡി.സി. യുടെ കീഴിൽ നിലവിലുള്ള എല്ലാ യാത്രി നിവാസുകളും ഇതിനോടകം ടാമറിന്റ് ഈസി ഹോട്ടൽ മാതൃകയിലോട്ട് ഉയർത്തിക്കഴിഞ്ഞിട്ടുണ്ട്. |
| 49 | 179 | ,, | സർക്കാർ ഗസ്റ്റ് ഹൗസുകളിൽ എം.എൽ.എ. മാർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ കെ.ടി.ഡി.സി.യുടെ ഹോട്ടലുകളിലും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്. |
| 50 | 181 | ,, | സംസ്ഥാനത്ത് പല സ്ഥലത്തും പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസുകൾ മോശപ്പെട്ട നിലയിലാണ് പ്രവർത്തിക്കുന്നത്. കെ. ടി. ഡി. സി., പി. ഡബ്ല്യൂ. ഡി. അധികൃതരുമായി ചർച്ച ചെയ്ത് ഒരു സംയുക്ത സംരംഭം തുടങ്ങണമെന്നും അതുവഴി റസ്റ്റ് ഹൗസുകൾ മെച്ചപ്പെട്ട സൗകര്യങ്ങളോടെ കെ.ടി.ഡി.സി. യുടെ കുടക്കീഴിൽ കൊണ്ടുവരണമെന്നും ആ രീതി അവലംബിച്ച് മുഴപ്പിലങ്ങാട് പ്രോജക്ട് അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കെ. ടി. ഡി. സി.ക്ക് പി. ഡബ്ല്യു. ഡി. യുമായി ചേർന്ന് പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസുകൾ ഏറ്റെടുത്ത് സംയുക്ത സംരംഭമായി നടത്തുവാൻ ഉള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. മുഴപ്പിലങ്ങാടിൽ കെ. ടി. ഡി. സി. യുടെ കീഴിൽ ഒരു ബീച്ച് റിസോർട്ട് തുടങ്ങുവാൻ സർക്കാർ അംഗീകാരം നൽകിയതിൻ പ്രകാരം ഇതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും പ്രാരംഭഘട്ടം എന്ന നിലയിൽ ഏകദേശം 3.5 ഏക്കറോളം സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി വേണ്ടിവരുന്ന |

| | | | | |
|---|---|---|---|---|
| | | | | ആവശ്യമായ സ്ഥലം കൈമാറുന്ന നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടു വരുന്നു. |
| 51 | 182 | ,, | ആയിരക്കണക്കിന് ഭക്തജനങ്ങൾ വരുന്ന ഗുരുവായൂരിൽ കെ.ടി.ഡി.സി. കൂടുതൽ ശ്രദ്ധിക്കണമെന്നും ഹോട്ടലുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുകയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യണമെന്നും ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കണമെന്നും സേവനം മെച്ചപ്പെടുത്തി തീർത്ഥാടകരെ ആകർഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും മെച്ചപ്പെട്ട മാനേജ്മെന്റ് ഉണ്ടാകണമെന്നും അതുവഴി കൂടുതൽ വരുമാനം ഉണ്ടാക്കാൻ ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഗുരുവായൂരിൽ കെ.ടി.ഡി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ഹോട്ടലുകളിലെയും അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ട്. ഹോട്ടലുകളിലെ വരുമാനവും ലാഭവും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സമിതി നൽകിയ ശിപാർശകൾ എല്ലാം നടപ്പിലാക്കിവരികയാണ്. |
| 52 | 183 | ,, | കെ.ടി.ഡി.സി.യുടെ ട്രാൻസ്പോർട്ട് വിഭാഗം മൊത്തമായി പ്രൈവറ്റ് ട്രാൻസ്പോർട്ടിംഗ് ഏജൻസിയെ ഏൽപ്പിക്കാതെ ട്രാൻസ്പോർട്ട് ഡിവിഷൻ പുനഃസംഘടിപ്പിച്ച് ലാഭത്തിലാക്കാനുള്ള പദ്ധതി അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ട്രാൻസ്പോർട്ട് വിഭാഗം പുനഃസംഘടിപ്പിക്കാൻ കെ.ടി.ഡി.സി. എഞ്ചിനീയറിംഗ് വിഭാഗം നൽകിയ നിർദ്ദേശങ്ങൾ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും അവ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഈ വിഭാഗത്തെ മൊത്തമായി പ്രൈവറ്റ് ട്രാൻസ്പോർട്ട് ഏജൻസിയെ എൽപ്പിക്കാൻ കെ.ടി.ഡി.സി. തീരുമാനിച്ചിട്ടില്ല. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 53 | 184 | ടൂറിസം | കെ.ടി.ഡി.സി.യുടെ സാന്നിധ്യം കൂടുതൽ വിദേശ രാജ്യങ്ങളിൽ ഉണ്ടാകണമെന്നും സാന്നിദ്ധ്യം ഉറപ്പാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | പ്രധാനപ്പെട്ട എല്ലാ അന്താരാഷ്ട്ര ട്രാവൽ ടൂറിസം മേളകളിലും കെ.ടി.ഡി.സി. ഇപ്പോൾ പങ്കെടുത്തുവരുന്നുണ്ട്. |
| 54 | 186 | ,, | ഡൽഹിയിലെത്തുന്ന മലയാളികളെ ആകർഷിക്കാനും കേരളത്തിലെ ടൂറിസം പദ്ധതിയെ കുറിച്ച് മറ്റുള്ളവർക്ക് മനസ്സിലാക്കാനും കെ.ടി.ഡി.സി.ക്ക് ഡൽഹിയിൽ ലഭിച്ചിട്ടുള്ള സൗകര്യം ഉപയോഗപ്പെടുത്തണമെന്നും റസ്റ്റോറന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കെ.ടി.ഡി.സി.യുടെ കീഴിൽ ഡൽഹി-ദില്ലി ഹട്ടിൽ പ്രവർത്തിക്കുന്ന അനന്താ റസ്റ്റോറന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇപ്പോൾ ഈ യൂണിറ്റ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ മറ്റു ഹോട്ടലുകളിലേക്കുള്ള ബുക്കിംഗ് മുതലായ സൗകര്യങ്ങൾ ഇപ്പോൾ അനന്താ റസ്റ്റോറന്റിൽ നിന്നും നൽകിവരുന്നുണ്ട്. |
| 55 | 188 | ,, | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിലെ ടൂറിസം പ്രവർത്തനത്തെ സംബന്ധിച്ച് ഒരു പഠനം നടത്തണമെന്നും പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കെ.ടി.ഡി.സി.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 56 | 189 | ,, | അച്ചൻകോവിലാറിന്റെ തീരത്ത് കുളനടയിൽ കെ.ടി.ഡി.സി.ക്കുള്ള തീർത്ഥാടക സൗകര്യ കേന്ദ്രത്തിൽ അടിയന്തരമായി നവീകരണം നടത്തി അയ്യപ്പഭക്തർക്ക് സൗകര്യപ്രദമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഈ യൂണിറ്റ് ടൂറിസം വകുപ്പ് ഇതിനോടകം തിരിച്ചെടുത്തുകഴിഞ്ഞു. |
| 57 | 190 | ,, | തെന്മലയിലെ ജലസേചന വകുപ്പിന്റെ കെട്ടിടങ്ങൾ ഏറ്റെടുത്ത് താമസയോഗ്യമാക്കി ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തെന്മലയിലെ ജലസേചന വകുപ്പിന്റെ കെട്ടിടങ്ങൾ ഭീമമായ തുക മുടക്കി പുനരുദ്ധാരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| 58 | 191 | ,, | കെ.ടി.ഡി.സി.യുടെ എല്ലാ ആഡംബര ഹോട്ടലുകളേയും ഉൾപ്പെടുത്തി ഓൺലൈൻ റിസർവേഷൻ സൗകര്യം കൊണ്ടുവരാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കെ.ടി.ഡി.സി.യുടെ പ്രധാനപ്പെട്ട 11 ഹോട്ടലുകളെ ഉൾപ്പെടുത്തി ഓൺലൈൻ റിസർവേഷൻ സൗകര്യം നിലവിൽവന്നു. ഘട്ടംഘട്ടമായി ബാക്കി എല്ലാ യൂണിറ്റുകളേയും ഇതിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |

കെ. എൻ. എ. ഖാദർ,

*അദ്ധ്യക്ഷൻ,*

*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 3.

<u>അനുബന്ധം</u>

## വേളി

| വർഷം | വാട്ടർ സ്പോർട്സ് | | | | റസ്റ്റോറന്റ് | | | |
|---|---|---|---|---|---|---|---|---|
| | വൈദ്യുതി/ ഇന്ധനം | വേതനം | മെയിന്റനൻസ് | ലാഭം (+)/ നഷ്ടം (-) | വൈദ്യുതി/ ഇന്ധനം | വേതനം | മെയിന്റനൻസ് | ലാഭം (+)/ നഷ്ടം (-) |
| 2006-07 | 199076 | 1957799 | 133752 | 859435 | 101934 | 1206591 | 321842 | (-)668028 |
| 2007-08 | 716891 | 2459115 | 2087824 | (-)830649 | 181886 | 1598626 | 280799 | (-)977269 |
| 2008-09 | 871223 | 2671554 | 1837186 | (-)123869 | 137327 | 1215797 | 628729 | (-)609700 |
| 2009-10 | 1040461 | 3194162 | 1992786 | (-)935451 | 134171 | 1366289 | 855724 | (-)705575 |
| 2010-11 | 1269145 | 3020186 | 818335 | (-)1205788 | 131072 | 1791448 | 802757 | (-)1469150 |

©
Kerala Legislature Secretariat
2016

KERALA NIYAMASABHA PRINTING PRESS.